പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 4578 — 18.05. 2017 ൽ മറുപടിക്ക്

**ഊർജ്ജ കിരൺ പദ്ധതി**

ചോദ്യം

ശ്രീ.സി.ദിവാകരൻ

" ഇ.കെ.വിജയൻ

" എൽദോ എബ്രഹാം

ശ്രീമതി.സി.കെ.ആശ.

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഊർജ്ജ സംരക്ഷണത്തെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ഊർജ്ജ കിരൺ എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നുണ്ടോ? എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | (എ) ഉണ്ട്. പൊതുജനങ്ങളിൽ ഊർജ്ജസംരക്ഷണത്തെപ്പറ്റി അവബോധം സൃഷ്ടിക്കാനായി രൂപീകരിച്ച ഊർജ്ജ കിരൺ പദ്ധതി പ്രകാരം കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലായി പരിപാടികൾ നടത്തിവരുന്നു. 2015-16 ൽ ഒരു നിയോജകമണ്ഡലത്തിൽ ഒരു പരിപാടി എന്ന കണക്കിൽ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിക്കുകയും 192 ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുവാനും സാധിച്ചു. 2016-17 ൽ 304 ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ഊർജ്ജസംരക്ഷണത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുവാനും പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും ഊർജ്ജ കിരൺ കൈപ്പുസ്തകം വിതരണം ചെയ്യുക വഴി അവരുടെ വീടുകളിലെ ഊർജ്ജ ഉപയോഗം സ്വയം വിലയിരുത്തുവാൻ പ്രാപ്തരാക്കുവാനും സാധിച്ചു. കേരളത്തിലെ എൻ.ജി.ഒ കൾ മുഖാന്തിരമാണ് ഊർജ്ജകിരൺ പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ